## തിരുവനന്തപുരം വനം വകുപ്പ് ആസ്ഥാനത്തെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : ദിലീപ് കുമാർ.റ്റി.ഐ

വിഷയം :- വനം വകുപ്പ് - ജീവനക്കാര്യം – ഫോറസ്റ്റ് ഡ്രൈവർമാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ്-സംബന്ധിച്ച്

സൂചന :-
1. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 28.09.2019 ലെ ഇ5-58303/2017 നമ്പർ ഉത്തരവ്
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 26.05.2020 ലെ ഇ2-3238/19 നമ്പർ ഉത്തരവ്
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 09.02.2021 ലെ ഇ5-30/2021 നമ്പർ ഉത്തരവ്

## ഉത്തരവ് നമ്പർ ഇ2-3238/2019 തീയതി 01-03-2021

വനം വകുപ്പിൽ നിലവിൽ 259 ഡ്രൈവർ തസ്തികകളാണുള്ളത്. അതിൽ രണ്ടാം ഗ്രേഡ്, ഒന്നാം ഗ്രേഡ്, സീനിയർ ഗ്രേഡ് എന്നീ തസ്തികകളുടെ അനുപാതം 1:1:1 ആയും സീനിയർ ഗ്രേഡ് തസ്തികകളുടെ 10% സെലക്ഷൻ ഗ്രേഡ് ഡ്രൈവർ തസ്തികയായും നിശ്ചയിച്ചിട്ടുണ്ട്.

ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ സൂചന(1) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ സീരിയൽ നമ്പർ(12) ശ്രീ.അശോക് കുമാർ.റ്റി, സീരിയൽ നമ്പർ(17) ശ്രീ.ഗഫൂർ.എ.എസ് എന്നിവർ 31.05.2020 ന് സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ട്. അത് പ്രകാരം സെലക്ഷൻ ഗ്രേഡ് ഫോറസ്റ്റ് ഡ്രൈവർ തസ്തികയിൽ ഉണ്ടായ രണ്ട് ഒഴിവിൽ ചുവടെ പറയുന്ന സീനിയർ ഗ്രേഡ് ഫോറസ്റ്റ് ഡ്രൈവർമാർക്ക് അവരുടെ പേരിന് നേരെ കാണിച്ചിരിക്കുന്ന തീയതി പ്രാബല്യത്തിൽ 29200-62400 ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് ഫോറസ്റ്റ് ഡ്രൈവർ തസ്തികയിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ. നം | പേര് | 01.01.2021 തീയതി പ്രാബല്യത്തിലെ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ. നം. | പ്രാബല്യ തീയതി |
|---|---|---|---|
| 1 | സിയാദ്.വി.കെ | 07 | 01.06.2020 |
| 2 | റ്റി.എസ്.ഓമനക്കുട്ടൻ | 08 | 01.06.2020 |

മേൽ പറഞ്ഞ സ്ഥാനക്കയറ്റം വഴിയും 31.05.2020 ൽ മൂന്ന് സീനിയർ ഗ്രേഡ് ഡ്രൈവർമാർ സർവ്വീസിൽ നിന്നും വിരമിച്ചതും ഉൾപ്പെടെ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ അഞ്ചു ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. കൂടാതെ വനം വകുപ്പിലെ സീനിയർ ഗ്രേഡ് ഫോറസ്റ്റ് ഡ്രൈവർമാരുടെ ആകെ എണ്ണം 78 ആയി നിജപ്പെടുത്തിയിട്ടുണ്ട്. സൂചന (3)

പ്രകാരം തയ്യാറാക്കിയ സീനിയോറിറ്റി ലിസ്റ്റ് അനുസരിച്ച്, മേൽ പറഞ്ഞ റേഷ്യോ പ്രൊമോഷൻ നൽകിയശേഷം നിലവിൽ വനം വകുപ്പിൽ 71 സീനിയർ ഗ്രേഡ് ഡ്രൈവർമാരാണ് ഉള്ളത്. മേൽപ്പറഞ്ഞ അഞ്ചു ഒഴിവുകൾ ഉൾപ്പെടെ ഏഴ് പേർക്ക് സീനിയർ ഗ്രേഡ് ഡ്രൈവർമാരായി റേഷ്യോ പ്രൊമോഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്. സൂചന(1) പ്രകാരം പ്രസിദ്ധീകരിച്ച 01.01.2018 തീയതി പ്രാബല്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ (193) ആയ ഗ്രേഡ് I ഫോറസ്റ്റ് ഡ്രൈവർ ശ്രീ.ഷാജി.പി.ജി യുടെ സീനിയോറിറ്റി 01.01.2021 തീയതി പ്രാബല്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ (71) ആയി സൂചന (3) പ്രകാരം പുനസ്ഥാപിച്ചിട്ടുണ്ട്. ടിയാൻ നിലവിൽ ഫോറസ്റ്റ് ഡ്രൈവർ ഗ്രേഡ് I ആണ്. സൂചന (3) സീനിയോറിറ്റി ലിസ്റ്റിലെ സീരിയൽ നമ്പർ 72 ആയ ശ്രീ.കെ.ബി.ഗിരീഷ് കുമാറിന് 01.06.2019 തീയതി പ്രാബല്യത്തിൽ സീനിയർ ഗ്രേഡ് ഫോറസ്റ്റ് ഡ്രൈവറായി റേഷ്യോ പ്രൊമോഷൻ ലഭിച്ചിട്ടുണ്ട്. അതുപ്രകാരം ടി സീനിയോറിറ്റി ലിസ്റ്റിലെ സീരിയൽ നമ്പർ (71) ആയ ശ്രീ.ഷാജി.പി.ജിയ്ക്ക്, ടിയാനെക്കാൾ സർവീസിൽ ജൂനിയർ ആയ ശ്രീ.കെ.ബി.ഗിരീഷ് കുമാറിന് സീനിയർ ഗ്രേഡ് ഫോറസ്റ്റ് ഡ്രൈവറായി റേഷ്യോ പ്രൊമോഷൻ ലഭിച്ച പ്രാബല്യ തീയതിയായ 01.06.2019 തീയതി പ്രാബല്യത്തിൽ സീനിയർ ഗ്രേഡ് ഫോറസ്റ്റ് ഡ്രൈവറായി റേഷ്യോ പ്രൊമോഷന് അർഹതയുണ്ട്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന ഗ്രേഡ്-I ഫോറസ്റ്റ് ഡ്രൈവർമാർക്ക് സീനിയർ ഗ്രേഡ് ഫോറസ്റ്റ് ഡ്രൈവർ തസ്തികയിൽ 25200-54000 ശമ്പള സ്കെയിലിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ. നം | പേര് | 01.01.2021 തീയതി പ്രാബല്യത്തിലെ സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ | പ്രാബല്യതീയതി |
|---|---|---|---|
| 1 | ശ്രീ.ഷാജി.പി.ജി | 71 | 01.06.2019 |
| 2 | ശ്രീ.കൃഷ്ണകുമാർ.എം.സി | 81 | 01.06.2020 |
| 3 | ശ്രീ.സി.ജെ.ജോസ് | 82 | 01.06.2020 |
| 4 | ശ്രീ.വി.കെ.പ്രദീപ് | 83 | 01.06.2020 |
| 5 | ശ്രീ.ജയൻ.കെ.ജി | 84 | 01.06.2020 |
| 6 | ശ്രീ .അരവിന്ദാക്ഷൻ.കെ.ആർ | 85 | ഉത്തരവ് തീയതി മുതൽ |
| 7 | ശ്രീ.ഷിബു.പി.എസ് | 86 | “ |

വനം വകുപ്പിൽ നിലവിൽ 86 ഗ്രേഡ്-I ഫോറസ്റ്റ് ഡ്രൈവർ തസ്തികകളാണ് ഉള്ളത്. മേൽ പറഞ്ഞ റേഷ്യോ പ്രൊമോഷൻ നൽകിയശേഷം സൂചന(3) സീനിയോറിറ്റി ലിസ്റ്റിലെ സീരിയൽ നമ്പർ(160) വരെയുള്ള 74 പേരാണ് ഗ്രേഡ്-I ആയി റേഷ്യോ പ്രൊമോഷൻ ലഭിച്ചതായിട്ടുള്ളത് . അത് പ്രകാരം ടി സീനിയോറിറ്റി ലിസ്റ്റിലെ സീരിയൽ നമ്പർ 161 മുതൽ സീരിയൽ നമ്പർ (172) വരെയുള്ള പന്ത്രണ്ട് ഗ്രേഡ്-II ഫോറസ്റ്റ് ഡ്രൈവർമാർക്ക്, ഫോറസ്റ്റ്

ഡ്രൈവർ ഗ്രേഡ്-I തസ്തികയിൽ 22200-48000 രൂപ ശമ്പള സ്കെയിലിൽ ചുവടെ പറയും പ്രകാരം റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം | പേര് | 01.01.2021 തീയതി പ്രാബല്യത്തിലെ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം. | പ്രാബല്യ തീയതി |
|---|---|---|---|
| 1 | ശ്രീ.രാജേഷ്.സി.എസ് | 161 | 01.06.2020 |
| 2 | ശ്രീ.അഹമ്മദ് കബീർ | 162 | 01.06.2020 |
| 3 | ശ്രീ.പി.കൈലാസൻ | 163 | 01.06.2020 |
| 4 | ശ്രീ.സതീഷ്.ബി | 164 | 01.06.2020 |
| 5 | ശ്രീ.പ്രശാന്ത്. G.S | 165 | 01.06.2020 |
| 6 | ശ്രീ.കെ.എസ്.സുനിൽ കുമാർ | 166 | ഉത്തരവ് തീയതി മുതൽ |
| 7 | ശ്രീ.അനിൽകുമാർ.ആർ | 167 | " |
| 8 | ശ്രീ.ജയകുമാർ.എം.വി | 168 | " |
| 9 | ശ്രീ.പ്രദീപ്.എസ് | 169 | " |
| 10 | ശ്രീ.അജയൻ.ബി | 170 | " |
| 11 | ശ്രീ.സുനിൽ കുമാർ.എൻ | 171 | " |
| 12 | ശ്രീ.പ്രജിത്.കെ | 172 | " |

മേൽ വിവരിച്ച റേഷ്യോ പ്രൊമോഷനുകൾ സർക്കാർ ഉത്തരവ്(പി).നം.7/2016/ഫിൻ തീയതി.20.01.2016, സർക്കാർ ഉത്തരവ് സർക്കാർ (MS) നം. 389/2016 (25)/ഫിൻ തീയതി.04.10.2016 എന്നീ ഉത്തരവുകൾ പ്രകാരം പുതുക്കിയ ശമ്പള സ്കെയിലിലാണ് അനുവദിച്ചിട്ടുള്ളത്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്
1. വ്യക്തിക്ക് മേലധികാരി മുഖേന നൽകുന്നു
2. എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ / അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/ഫോറസ്റ്റ് കൺസർവേറ്റർ/ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ/അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ/വർക്കിംഗ് പ്ലാൻ ഓഫീസർമാർക്ക്
3. വനം വകുപ്പിന്റെ വെബ് സൈറ്റിലേക്ക്.